ॐ

ധിഗ്ജൻമ നസ്ത്രിവൃദ്വിദ്യാം ധിഗ്വ്രതം ധിഗ്ബഹുജ്ഞതാം
ധിക്കുലം ധിക്ക്രിയാദാക്ഷ്യം വിമുഖാ യേ ത്വധോക്ഷജേ (10-23-39)
നൂനം ഭഗവതോ മായാ യോഗിനാമപി മോഹിനീ
യദ്വയം ഗുരവോ നൃണാം സ്വാർത്ഥേ മുഹ്യാമഹേ ദ്വിജാ: (10-23-40)
അഹോ വയം ധന്യതമാ യേഷാം നസ്താദൃശീ: സ്ത്രിയ:
ഭക്ത്യാ യാസാം മതിർജ്ജാതാ അസ്മാകം നിശ്ചലാഹരൌ (10-23-49)

ശുകമുനി തുടർന്നു:
ഭഗവാൻ കൃഷ്ണൻ ആ മഹതികളെ സ്വാഗതം ചെയ്തു. "ഞാൻ നിങ്ങളുടെയെല്ലാം ആത്മാവുതന്നെയായതുകൊണ്ട് നിങ്ങൾ ഇത്ര ഭക്തിയുള്ളവരായതിൽ അത്ഭുതമൊന്നുമില്ല. മാത്രമല്ല ഇവിടെ വരുന്നതുകൊണ്ടുണ്ടായേക്കാവുന്ന ഭവിഷ്യത്തുക്കളെപ്പറ്റി നിങ്ങൾ വ്യാകുലരുമല്ല. ഇനി നിങ്ങൾ സ്വന്തം വീടുകളിലേക്ക് തിരിച്ചുപൊയ്ക്കൊള്ളൂ. ഭർത്താക്കൻമാർ നിങ്ങളെ കാത്തിരിക്കുന്നു. യാഗകർമ്മം പൂർത്തിയാക്കണമല്ലോ. എന്നാൽ സ്ത്രീകൾ കൃഷ്ണനോടു പറഞ്ഞു." ശാസ്ത്രപ്രകാരം അവിടുത്തെ പാദാരവിന്ദങ്ങളെ പ്രാപിച്ചവർക്ക് പ്രാപഞ്ചികമായ ജീവിതത്തിലേക്ക് തിരിച്ചു പോകേണ്ടതില്ല. ഞങ്ങൾക്ക് മാതാപിതാക്കളോടോ ഭർത്താക്കൻമാരോടോ കുട്ടികളോടോ ഒന്നും ഇപ്പോൾ യാതൊരു മമതയുമില്ല. എന്നാൽ അവിടുത്തെ പാദങ്ങളെ സ്പർശിച്ച തുളസീദളങ്ങളോട് ഞങ്ങൾക്ക് എത്ര പ്രിയമാണെന്നോ? മാത്രമല്ല അനുവാദമില്ലാതെ ഇങ്ങോട്ടുവന്നതുകൊണ്ട് ഞങ്ങളുടെ ഭർത്താക്കൻമാർ ഞങ്ങളെ നിരസിക്കുകയും ചെയ്യും. കൃഷ്ണനാകട്ടെ അവരുടെ ഭർത്താക്കൻമാർ അവരെ സ്വീകരിക്കുമെന്നുറപ്പു നൽകി. മാത്രമല്ല അവർക്ക് സ്ത്രീകളോട് നീരസം തോന്നുകയുമില്ല എന്നും കൃഷ്ണൻ പറഞ്ഞു. ഭൗതീകമായ അടുപ്പമോ സാമീപ്യമോ ഈ ലോകത്തിൽ ഭക്തി വളർത്തുകയില്ല തന്നെ. ഏറ്റവും പ്രധാനപ്പെട്ട കാര്യം മനസ്സിനെ എന്നിലുറപ്പിച്ചു നിർത്തുക എന്നതാണ്. കൃഷ്ണനും കൂട്ടുകാരും ഭക്ഷണം കഴിക്കാനിരുന്നു. സ്ത്രീകൾ മടങ്ങിപ്പോയി.

ബ്രാഹ്മണർ യാഗം പൂർത്തിയാക്കി. ബ്രാഹ്മണസ്ത്രീകളിലൊരാൾ ഭർത്താവിൻെറ അനുവാദമില്ലാത്ത തിനാൽ കൃഷ്ണനെ കാണാൻ പോയിരുന്നില്ല. എന്നാൽ അവർ കൃഷ്ണനിൽ തീവ്രഭക്തയായി സമാധിയടഞ്ഞ് ശരീരമുപേക്ഷിച്ചു.

ഇതെല്ലാം കണ്ട് ബ്രാഹ്മണർ സ്വയം ശപിച്ചു. ഞങ്ങളുടെ ജൻമവും ശാസ്ത്രപ്രകാരമുള്ള വ്രതങ്ങളും ജ്ഞാനസമ്പാദനവും കുലമഹിമയും യാഗം നടത്തുന്നതിലുള്ള കാര്യക്ഷമതയുമെല്ലാം നിന്ദാത്മകവും പൊങ്ങച്ചവുമത്രെ. കാരണം ഇവയെല്ലാംകൊണ്ട് ഞങ്ങൾ ഭഗവാനിൽ നിന്നകന്നുപോയിരിക്കുന്നു. ഭഗവാൻെറ മായാശക്തി അപാരം തന്നെ. യോഗിവര്യരെപ്പോലും മോഹിപ്പിക്കാൻ അതിനു കഴിയും. ജനങ്ങളുടെ ഗുരുവെന്നു സ്വയം അഭിനയിക്കുന്നവർ സ്വാർത്ഥമോഹികളത്രെ. എന്നാൽ ഈ സ്ത്രീകൾ ശാസ്ത്രാഭ്യാസമൊന്നും ഇല്ലാത്തവരാണ്. തപ:ശ്ചര്യകളിലേർപ്പെട്ട് യാഗവിധികൾ പഠിച്ച നമ്മളേക്കാൾ അവരുടെയുള്ളിൽ ഭഗവാനിലുള്ള അചഞ്ചലഭക്തി കൂടുതലത്രെ. തീർച്ചയായും ഇങ്ങിനെയുള്ള സ്ത്രീകളെ നമുക്ക് സഹധർമ്മചാരികളായി ലഭിച്ചതുകൊണ്ട് അവരിലൂടെ നമുക്കും ഭക്തിയുളവാകും. മൂന്നു ലോകത്തിൻെറയും അധിപനും വിശ്വസംരക്ഷകയായ ലക്ഷ്മിയുടെ പതിയുമായ ഭഗവാന് നമ്മുടെ കയ്യിൽനിന്നും ഭക്ഷണം യാചിക്കേണ്ട ആവശ്യമൊന്നുമില്ല. അദ്ദേഹം വിശപ്പഭിനയിച്ച് നമ്മുടെ ആത്മീയതയെ ഉണർത്തിയിരിക്കുന്നു. എന്നിട്ടും നമ്മളാ അവസരം വൃഥാവിലാക്കി. ഭഗവാൻ നമുക്ക് മാപ്പേകട്ടെ.

അവർക്ക് രാമകൃഷ്ണൻമാരെ കാണണമെന്നുണ്ടായിരുന്നുവെങ്കിലും ഭയം മൂലം അവരതിനു തുനിഞ്ഞില്ല. കംസനോടുള്ള ഭയമായിരുന്നു കാരണം. രാജാവായ കംസന് ഈ സഹോദരൻമാരോടുള്ള വിദ്വേഷം അവർക്കറിയാമായിരുന്നു.